# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2413** **08.03.2017-ൽ മറുപടിയ്ക്ക്**

<u>കേരള സംസ്ഥാന ലോട്ടറികളുടെ സമ്മാന ഘടനയിൽ മാറ്റം</u>

| | ചോദ്യം<br>ശ്രീ.സി. ദിവാകരൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കേരള സംസ്ഥാന ലോട്ടറികളുടെ സമ്മാന ഘടനയിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ടിക്കറ്റ് വിൽപ്പനയ്ക്ക് സഹായകമാകുന്ന തരത്തിലും, ഭാഗ്യക്കുറി ഏജന്റുമാരുടേയും ഈ മേഖലയിലെ ട്രേഡ് യൂണിയൻ പ്രതിനിധികളുടേയും അഭിപ്രായങ്ങൾ പരിഗണിച്ചുകൊണ്ടും പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടനകൾ കാലാകാലങ്ങളിൽ പരിഷ്ക്കരിക്കാറുണ്ട്. 30/- രൂപ മുഖവിലയുള്ള പൗർണ്ണമി, വിൻവിൻ, അക്ഷയ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികളുടെ സമ്മാനഘടനകൾ 2016 മാർച്ച് മാസത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി പരിഷ്ക്കരിച്ചിരുന്നു. പൗർണ്ണമി, വിൻവിൻ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികളുടെ സമ്മാനഘടനകൾ സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിക്കൊണ്ട് 2016 നവംബർ മാസത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ വീണ്ടും പരിഷ്കരിച്ചിരുന്നു. |
| (ബി) | ഒന്നാം സമ്മാനം ലഭിക്കുന്ന ടിക്കറ്റിന്റെ മുന്നിലും പിന്നിലുമുള്ള നമ്പരുകൾക്ക് ആശ്വാസ സമ്മാനം മുൻകാലങ്ങളിൽ നൽകിയിരുന്നോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | ഒന്നാം സമ്മാനം ലഭിക്കുന്ന ടിക്കറ്റിന്റെ മുന്നിലും പിന്നിലുമുള്ള നമ്പരുകൾക്ക് മുൻകാലങ്ങളിൽ ആശ്വാസ സമ്മാനം നൽകിയിരുന്നില്ല. |

സെക്ഷൻ ഓഫീസർ.